**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 164** **09-02-2023 - ൽ മറുപടിയ്ക്ക്**

**ജീവിതശൈലീ രോഗ നിയന്ത്രണ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. എൻ.കെ. അക്ബർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജീവിതശൈലീ രോഗങ്ങളുടെ നിയന്ത്രണവും ബോധവത്ക്കരണവും എന്ന ലക്ഷ്യപ്രാപ്തിക്കായി നടപ്പിലാക്കുന്ന ജീവിതശൈലി കാമ്പയിൻ പ്രവർത്തനങ്ങൾ രാജ്യത്തെ ബെസ്റ്റ് പ്രാക്ടീസസ് പദ്ധതിയെന്ന നിലയിൽ ദേശീയ തലത്തിൽ ചർച്ച ചെയ്യപ്പെട്ടുകയുണ്ടായോ; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തു വർദ്ധിച്ചുവരുന്ന ജീവിതശൈലിരോഗങ്ങൾ നിയന്ത്രിക്കുന്നതിനും നിർണ്ണയിക്കുന്നതിനും ആരോഗ്യവകുപ്പിനു കീഴിൽ ജീവിതശൈലിരോഗ നിയന്ത്രണ പദ്ധതി നടപ്പിലാക്കി വരുന്നു. ജീവിതശൈലിരോഗങ്ങളോടോപ്പം അതിന്റെ സങ്കീർണ്ണതകൾ കൂടി കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും വിവിധ നൂതന പദ്ധതികൾ ആരോഗ്യവകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. രാജ്യത്തിനുതന്നെ മാതൃകയാകുന്ന ഈ പദ്ധതികളെ കുറിച്ച് 2023 ജനുവരിയിൽ നടന്ന ദേശീയതല ചർച്ചയിൽ വരെ പരാമർശിക്കുകയുണ്ടായി. ശ്വാസകോശ രോഗങ്ങൾ നിർണ്ണയിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള 'swass പദ്ധതി', നേത്രപടല അന്ധത കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനുമുള്ള 'നയനാമൃതം പദ്ധതി', പെരിട്ടോണിയൽ ഡയാലിസിസ്, പാലിയേറ്റിവ് കെയർ പദ്ധതി എന്നീ പരിപാടികളാണ് ദേശീയതലത്തിൽ രാജ്യത്തെ മികച്ച പ്രവർത്തനങ്ങളായി വിലയിരുത്തപ്പെട്ടുന്നത്. സംസ്ഥാന സർക്കാർ നവകേരള കർമ്മപദ്ധതി ആർദ്രം-2 ന്റെ ഭാഗമായി "അല്പം ശ്രദ്ധ ആരോഗ്യം ഉറപ്പ്" എന്ന ക്യാമ്പയിനിലൂടെ നടപ്പാക്കി വരുന്ന ജനസംഖ്യാധിഷ്ഠിത ജീവിതശൈലിരോഗ നിയന്ത്രണ പദ്ധതി ഇതിനോടകം തന്നെ ദേശീയ ശ്രദ്ധ ആകർഷിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന ജീവിതശൈലീ രോഗ നിയന്ത്രണ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; | (ബി) | നവകേരള കർമ്മപദ്ധതി - ആർദ്രം - 2 ന്റെ ഭാഗമായി ജീവിതശൈലിരോഗ നിയന്ത്രണ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായുള്ള നടപടികൾ സംസ്ഥാന ആരോഗ്യവകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്. അതിൽ ഏറ്റവും പ്രധാനം |

| | | | |
|---|---|---|---|
| | | | വാർഷിക ആരോഗ്യ പദ്ധതിയെന്ന സാമൂഹിക ജനസംഖ്യാധിഷ്ഠിത ജീവിതശൈലി രോഗ നിർണ്ണയ പദ്ധതിയാണ്. 'അല്പം ശ്രദ്ധ ആരോഗ്യം ഉറപ്പ്" എന്ന കാമ്പയിന്റെ ഭാഗമായി ശൈലി എന്ന ആൻഡ്രോയിഡ് ആപ്ലിക്കേഷൻ വഴി ആശാപ്രവർത്തകർ 30 വയസിനു മുകളിൽ പ്രായമുള്ളവരിലെ ജീവിതശൈലിരോഗങ്ങളെ കുറിച്ചും അവയിലേക്ക് നയിക്കുന്ന ഹേതുക്കളെ കുറിച്ചും ഉള്ള ഒരു സർവ്വേ ഭവന സന്ദർശനത്തിലൂടെ നടപ്പിലാക്കുകയുണ്ടായി. 70 ലക്ഷത്തോളം ജനങ്ങളെ സ്ക്രീനിംഗിനു വിധേയമാക്കിയപ്പോൾ 14 ലക്ഷത്തോളം പേർക്ക് ജീവിതശൈലിരോഗങ്ങൾ ഉണ്ടാകാനുള്ള സാധ്യത ഉണ്ടെന്നും 4 ലക്ഷത്തോളം പേർക്ക് കാൻസർ രോഗലക്ഷണങ്ങൾ ഉണ്ടെന്നു കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ഇങ്ങനെ കണ്ടെത്തുന്നവരിലെ രോഗസ്ഥിരീകരണം ഉറപ്പാക്കുന്നതിനും ചികിത്സ ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.<br><br>കാൻസർ രോഗ ലക്ഷണങ്ങൾ ഉള്ളവരെ പരിശോധനയ്ക്ക് വിധേയമാക്കുന്നതിനും തുടർ ചികിത്സ ഉറപ്പാക്കുന്നതിനും കാൻസർ കെയർ സ്യൂട്ട് എന്ന ഒരു സോഫ്റ്റ്‌വെയർ ഇ ഹെൽത്ത് വികസിപ്പിച്ചെടുത്തിട്ടുണ്ട്. ജനങ്ങളിലെ ജീവിതശൈലിയിൽ കാതലായ മാറ്റങ്ങൾ സൃഷ്ടിക്കുന്നതിന് ഹെൽത്തി ലൈഫ് ക്യാമ്പയിൻ എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതിനു പുറമെ ആർദ്രം പദ്ധതിയുടെ ഭാഗാമായി ശ്വാസകോശ രോഗങ്ങൾ നിർണ്ണയിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള swass പദ്ധതി, നേത്രപടല അന്ധത കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനുമുള്ള നയനാമൃതം പദ്ധതി, പക്ഷാഘാത ചികിത്സായ്ക്കുള്ള ശിരസ്സ് പദ്ധതി, ഡയബറ്റിക് ഫൂട്ട് കെയർ പ്രോഗ്രാം എന്നിവ ജീവിതശൈലിരോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്നുണ്ട്. ഈ പദ്ധതികളെ ഏകോപിപ്പിക്കുന്നതിന് ആശുപത്രിതലത്തിലും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും അവലോകന മീറ്റിങ്ങുകൾ കൃത്യമായ ഇടവേളകളിൽ നടത്തിവരുന്നു. 23.01.2023 തീയതിയിലെ സ.ഉ (സാധാ) നം.172/2023/ആ.കുവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നവകേരള കർമ്മപദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുക്കുന്ന പദ്ധതികളുടെ മേൽനോട്ടം വഹിക്കുന്നതിനു എല്ലാ ജില്ലയിലും കോർഡിനേറ്റർമാരെ നിയോഗിച്ചിട്ടുണ്ട് . |
| (സി) | ജീവിതശൈലീ രോഗ നിയന്ത്രണവുമായി ബന്ധപ്പെട്ട് | (സി) | ജീവിതശൈലി രോഗ നിയന്ത്രണത്തിന് ഒരു |

| | | | |
|---|---|---|---|
| | കായിക സംസ്കാരം വളർത്തിയെടുക്കുന്നതിനായി ആരോഗ്യ വകുപ്പ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | | അവിഭാജ്യ ഘടകമാണ് വ്യയാമം. സംസ്ഥാനത്തു ജീവിതശൈലിരോഗങ്ങൾ വർദ്ധിക്കുന്നതിൽ വ്യായാമമില്ലായ്മ ഒരു പ്രധാന പങ്കു വഹിക്കുന്നുണ്ട്. ഈ സ്ഥിതിക്ക് മാറ്റം വരുത്തുന്നതിന് ജനങ്ങളിൽ ഒരു കായിക സംസ്കാരം വളർത്തിയെടുക്കുന്നതിനു സംസ്ഥാന ആരോഗ്യവകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. നവകേരള കർമ്മപദ്ധതിയിൽ ഉൾപ്പെടുന്ന ഹെൽത്തി ലൈഫ് ക്യാമ്പയിൻ എന്ന ആരോഗ്യ സംരക്ഷണ പദ്ധതിയിലൂടെ വ്യയാമം പ്രോത്സാഹിപ്പിക്കുന്നതിനും വ്യായാമത്തിലൂടെ ജീവിതശൈലിരോഗങ്ങൾ ചെറുക്കുന്നതിനും ഉദ്ദേശിക്കുന്നു. ആരോഗ്യ വകുപ്പ് ഓപ്പൺ ജിമ്മുകൾ ആരംഭിക്കുന്നതിനും സ്കൂൾ NCD പ്രോഗ്രാമിലൂടെയും ക്യാമ്പസ് NCD പ്രോഗ്രാമിലൂടെയും കുട്ടികൾക്കിടയിൽ കായിക വിനോദങ്ങൾക്കു ഊന്നൽ നൽകുന്നതിനും കായിക മത്സരങ്ങൾ നടപ്പിലാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ മേഖലയിലെ വിവിധ വകുപ്പുകളുമായി സഹകരിച്ചുകൊണ്ട് കായിക സംസ്കാരം കൂടുതൽ ശാക്തീകരിക്കുന്നതിനു ആരോഗ്യ വകുപ്പ് ലക്ഷ്യമിടുന്നു.<br><br>മെഡിക്കൽ കോളേജുകളിൽ വിദ്യാർത്ഥികൾക്ക് പുതുക്കിയ CBME പാഠ്യപദ്ധതിയിൽ കായികാഭ്യാസത്തിനായി പ്രത്യേക സമയം മാറ്റിവച്ചിരിക്കുന്നു. അതോടൊപ്പം തന്നെ വർഷംതോറും കോളേജ് തലത്തിലും, സർവ്വകലാശാല തലത്തിലും മെഡിക്കൽ വിദ്യാർത്ഥികൾക്കായുള്ള കായിക മത്സരങ്ങൾ നടക്കുന്നുണ്ട്.<br><br>പൊതുജനങ്ങൾക്ക് കായിക പ്രവർത്തികളുടെ പ്രയോജനം മനസ്സിലാക്കാനായി ബോധവൽക്കരണ പരിപാടികൾ എല്ലാ ആശുപത്രികളിലും ഹെൽത്ത് സെന്ററുകളിലും നൽകി വരുന്നു. ആരോഗ്യ വകുപ്പിന്റെ സഹായത്തോടെ ആരോഗ്യ പരിപാടിയായ 'VIBGYOR' കോളേജുകളിൽ കൗമാരക്കാർക്കിടയിൽ നടത്തിവരുന്നു.<br><br>ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകപ്പിന് കീഴിൽ പൊതു ജനങ്ങൾക്കായി യോഗാ പരിശീലനം നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ